**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 30** **07-06-2021 - ൽ മറുപടിയ്ക്ക്**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ഡോ സുജിത് വിജയൻപിള്ള** | | **Shri M. V. Govindan Master<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് കാലഘട്ടത്തിലെ സാമ്പത്തിക തകർച്ചയിലും ഉപജീവന പ്രതിസന്ധിയിലുംപെട്ടുഴലുന്ന ഗ്രാമീണ കുടുംബങ്ങൾക്ക് വലിയതോതിൽ ആശ്വാസം പകരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ മുൻ സർക്കാർ കൈവരിച്ച ചരിത്രനേട്ടം ആവർത്തിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ സാഹചര്യത്തിലും, തുടർന്നുണ്ടായ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിലും തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിൽ ഉപജീവനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിരുന്നു. പദ്ധതി നടത്തിപ്പിൽ മുൻകാലങ്ങളിൽ ഉണ്ടാക്കിയ നേട്ടങ്ങൾക്ക് ഉപരിയായ നേട്ടം ഉണ്ടാക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടം തുടർന്നും ആവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഗ്രാമീണ മേഖലയിലെ പരമാവധി കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുന്നതിനാണ് പദ്ധതിയിൽ മുൻഗണന നൽകുന്നത്. തൊഴിൽ നൽകുന്നതിനൊപ്പം തന്നെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശുഭൂമി കൃഷിയോഗ്യമാക്കൽ, ഉപജീവന ആസ്തികളായ പശുത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, സ്വയം സഹായ സംഘങ്ങൾക്കുള്ള വർക്ക് ഷെഡ് എന്നിവയുടെ നിർമ്മാണം എന്നിവയ്ക്ക് മുൻതൂക്കം നൽകും. മാലിന്യ സംസ്കരണ മേഖലയിൽ കമ്പോസ്റ്റ് പിറ്റുകൾ, സോക്ക് പിറ്റുകൾ, മിനി എം.സി.എഫ്. എന്നിവയുടെ നിർമ്മാണവും ഊർജ്ജിതമായി ഏറ്റെടുക്കുന്നതാണ്. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഗ്രാമീണ റോഡുകൾ, ഗ്രാമചന്തകൾ, അംഗനവാടികൾ എന്നിവയുടെ നിർമ്മാണവും പദ്ധതിയിൽ കൂടുതലായി ഏറ്റെടുക്കും. പരമ്പരാഗതമായി തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ ജി.ഐ.എസ്. സാങ്കേതിക വിദ്യയുടെ സഹായത്തോടെ |

| | | | |
|---|---|---|---|
| | | | നീർത്തടാധിഷ്ഠിത മാതൃകയിൽ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം തൊഴിലുറപ്പപദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു എന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ; | (ബി) | ലഭ്യമാണ്. 2020-21 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ സംസ്ഥാനത്ത് 1023 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയിലെ സ്ത്രീ പങ്കാളിത്തം, സമയബന്ധിതമായ വേതന വിതരണം, പ്രവൃത്തികളുടെ പൂർത്തീകരണം തുടങ്ങിയ വിവിധ മേഖലകളിൽ രാജ്യത്തെ ഏറ്റവും മികച്ച സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഉൾപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. 2020-21 വർഷത്തെ കണക്കുകൾ പ്രകാരം പദ്ധതിയിലെ സ്ത്രീ പങ്കാളിത്തത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. സംസ്ഥാനത്ത് പദ്ധതി പ്രകാരം ആകെ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ 90.49 ശതമാനവും സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തത്തോടെയാണ് ചെയ്തിട്ടുള്ളത്. സമയബന്ധിത വേതന വിതരണം നടത്തുന്നതിൽ സംസ്ഥാനം 5-ാം സ്ഥാനത്തും, പദ്ധതികളുടെ പൂർത്തീകരണത്തിൽ 4-ാം സ്ഥാനത്തും ആണ്. ഒരു കുടുംബത്തിന് നൽകിയ ശരാശരി തൊഴിൽ ദിനങ്ങളിൽ (63.24) അഞ്ചാം സ്ഥാനത്തും, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകിയ ശരാശരി തൊഴിൽദിനങ്ങളിൽ (90.98) രാജ്യത്ത് രണ്ടാം സ്ഥാനത്തും സംസ്ഥാനം എത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പുവരുത്തുന്ന കാര്യത്തിൽ (44.56% കുടുംബങ്ങൾക്ക്) രണ്ടാം സ്ഥാനവും സംസ്ഥാനം നേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ